# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 619 | 29.06.2011-ൽ മറുപടിക്ക്

**പാലക്കാട് ജില്ലയിൽ കല്ലടിക്കോട് കേന്ദ്രീകരിച്ച് ട്രോമാ കെയർ സെന്റർ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. വി. വിജയദാസ് | | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| എ) പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് മുതൽ പാലക്കാട് വരെയുള്ള 70 കി. മീറ്ററിലധികം ദൈർഘ്യമുള്ള പാതയിൽ വാഹനാപകടം സംഭവിച്ചാൽ അടിയന്തിര വൈദ്യ സഹായം നല്കുന്നതിന് ആശുപത്രിയില്ലാത്ത സാഹചര്യത്തിൽ കല്ലടിക്കോട് കേന്ദ്രീകരിച്ച് ട്രോമാകെയർ സൗകര്യത്തോടു കൂടിയ ഒരു ആശുപത്രി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | പാലക്കാട് ജില്ലാ ആശുപത്രിയിൽ ഒരു ട്രോമാ കെയർ സെന്റർ പ്രവർത്തിക്കുന്നു. പ്രസ്തുത ആശുപത്രിയിലെ ട്രോമാകെയർ സൗകര്യങ്ങൾ വാഹനാപകടം സംഭവിക്കുന്നവർക്ക് അടിയന്തിര വൈദ്യ സഹായം നൽകുന്നതിന് പര്യാപ്തമാണ്. [illegible] കാഷ്വാലിറ്റി സൗകര്യമുള്ള ആശുപത്രികളിലാണ് ട്രോമാ കെയർ സെന്റർ സ്ഥാപിച്ചു വരുന്നത്. കാഷ്വാലിറ്റി സൗകര്യമുള്ള ആശുപത്രികളിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളടക്കമുള്ള ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കി വരുന്നു. കൂടാതെ മണ്ണാർക്കാട് ഒരു താലൂക്ക് ആശുപത്രിയും പ്രവർത്തിച്ചു വരുന്നു. കല്ലടിക്കോട് കേന്ദ്രീകരിച്ച് ട്രോമാകെയർ സൗകര്യത്തോടു കൂടിയ ഒരു ആശുപത്രി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചാൽ പരിശോധിക്കുന്നതാണ്. |
| ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി പ്രസ്തുത പ്രദേശം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു വിദഗ്ദ്ധ സംഘത്തെ | ബി) | നിലവിൽ ഇത്തരം ഒരു പദ്ധതിയ്ക്കു പ്രൊപ്പോസൽ ഒന്നും ലഭിച്ചിട്ടില്ല. |

(സി) ഇതിലേക്കായി 2011-2012 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തുമോ;

(സി) 2011 – 12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇതിലേക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. പുതുക്കി[യ] ബഡ്ജറ്റിൽ തുക വകയിരുത്തു[ന്ന]തിനുള്ള ശുപാർശ ലഭിച്ചിട്ടി[ല്ല].

(ഡി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ (സി.എച്ച്.സി) ജി. ഒ. (എം.എസ്) നമ്പർ 568/08/ എച്ച് ആന്റ് എഫ് ഡബ്ല്യു ഡി, തിരുവനന്തപുരം തീയതി 6-11-2008 പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ജീവനക്കാരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ; ഉണ്ടെങ്കിൽ എപ്പോൾ നിയമനം നടത്തുമെന്ന് വ്യക്തമാക്കുമോ?

(ഡി)യും (ഇ)യും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ (സി.എച്ച്. സി) ജി. ഒ. (എം. എസ്.) നം. 568/0[8]/ H&FWD തീയതി 6/11/2008 പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ശുപാർശക[ൾ] സർക്കാരിൽ ലഭ്യമായാൽ ആയത് പരിശോധിച്ച് ആവശ്യ[മെ]ന്ന് കാണുന്ന പക്ഷം നട[പടി] സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ